**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3190** **25-10-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ പ്ലസ് വൺ സീറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ഏകജാലക സംവിധാനം വഴി പ്ലസ് വൺ പ്രവേശനത്തിന് എത്ര വിദ്യാർത്ഥികളാണ് അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; എത്ര കുട്ടികൾക്ക് പ്രവേശനം ലഭിച്ചുവെന്ന് വിശദമാക്കാമോ; | (എ) | ഏകജാലക സംവിധാനം വഴി ഹയർ സെക്കണ്ടറിയിൽ കാസർഗോഡ് ജില്ലയിൽ 19653 വിദ്യാർത്ഥികളാണ് അപേക്ഷ നൽകിയിട്ടുള്ളത്. അതിൽ 12891 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 1742 വിദ്യാർത്ഥികൾ അപേക്ഷ നൽകിയിട്ടുള്ളതിൽ മൂന്നാം ഘട്ട അലോട്ട്മെന്റ് വരെ 1203 പേർക്ക് (വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ മൂന്ന് അലോട്ട്മെന്റുകൾ ഉണ്ട്) പ്രവേശനം ലഭിച്ചിട്ടുണ്ട്. |
| (ബി) | ജില്ലയിൽ നിലവിൽ എത്ര പ്ലസ് വൺ സീറ്റുകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രവേശനം ലഭിക്കാതെ എത്ര കുട്ടികളാണ് ജില്ലയിൽ ബാക്കിയുള്ളതെന്ന് അറിയിക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ നിലവിൽ ഹയർ സെക്കണ്ടറിയിൽ 967 പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞു കിടപ്പുണ്ട്. 2821 വിദ്യാർത്ഥികൾക്കാണ് പ്രവേശനം ലഭിക്കാത്തത്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 387 സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. അപേക്ഷകരിൽ ഇനിയും അഡ്മിഷൻ നേടാത്തവരുടെ എണ്ണം-(അലോട്ട്മെന്റ് ലഭിച്ചിട്ടും ജോയിൻ ചെയ്യാത്തവർ, ടി.സി.വാങ്ങിയവർ എന്നിവർ ഒഴികെ) 239. |
| (സി) | ജില്ലയിൽ ഐ.ടി.ഐ., പോളിടെക്നിക് എന്നിവിടങ്ങളിൽ എത്ര സീറ്റുകളാണ് നിലവിലുള്ളതെന്നും പ്രവേശന നടപടികൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കുമോ; | (സി) | കാസർഗോഡ് ജില്ലയിൽ ഗവ. ഐ.ടി.ഐ കളിൽ 1652 സീറ്റുകളും, പ്രൈവറ്റ് ഐ.ടി.ഐ കളിൽ 328 സീറ്റുകളും നിലവിലുണ്ട്. ഐ.ടി.ഐ.കളിൽ ഒക്ടോബർ 1 മുതൽ പ്രവേശന നടപടികൾ ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ സർക്കാർ/ എയ്ഡഡ്/സ്വാശ്രയ പോളിടെക്നിക് കോളേജുകളിൽ ആയി ആകെ 741 സീറ്റുകളാണ് നിലവിലുള്ളത്. നിലവിൽ അഡ്മിഷൻ നടപടിക്രമങ്ങളിലെ മൂന്ന് അലോട്ട്മെന്റുകൾക്ക് ശേഷമുള്ള ആദ്യ സ്പോട്ട് അഡ്മിഷൻ നടന്നു കൊണ്ടിരിക്കുന്നു. |
| (ഡി) | പ്ലസ് വൺ, ഐ.ടി.ഐ., പോളിടെക്നിക് | (ഡി) | 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി |

| | | | |
|---|---|---|---|
| | എന്നിവിടങ്ങളിൽ പ്രവേശനം ലഭിക്കാത്ത കാസർഗോഡ് ജില്ലയിലെ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് എന്ത് സംവിധാനമാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; പുതിയ ബാച്ചുകളും അഡീഷണൽ ബാച്ചുകളും ഈ വർഷം തന്നെ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയിഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലെ അലോട്ട്മെന്റ്, എയിഡഡ് സ്കൂളുകളിലെ മാനേജ് മെന്റ് ക്വാട്ടാ പ്രവേശനം, അൺ-എയിഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ പൂർത്തീകരിക്കുന്ന 2021 ഒക്ടോബർ 23 ന് ശേഷം ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ സപ്ലിമെന്ററി അലോട്ട്മെന്റുകൾ ആരംഭിക്കുന്നതിനു മുൻപായി സംസ്ഥാനത്തെ എല്ലാ ജില്ലകളുടെയും സ്ഥിതി വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ